# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4428** **25.10.2016- ൽ മറുപടിക്ക്**

### കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം

**ചോദ്യം**
**ശ്രീ.മോൻസ് ജോസഫ്**

**ഉത്തരം**
**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതു മൂലം കോട്ടയം ടെക്സ്റ്റയിൽസ് മിൽ അടച്ചിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര രൂപയാണ് വൈദ്യുതി വകുപ്പിന് മിൽ നൽകുവാനുള്ളത് ; ഈ തുക സർക്കാർ നൽകി മില്ലിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015 ഡിസംബർ മാസം മുതൽ 2016 സെപ്റ്റംബർ മാസം വരെയുള്ള കുടിശ്ശിക ഏകദേശം 100 ലക്ഷം രൂപയാണ്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുമായി ഈ വിഷയത്തിൽ ചർച്ച നടത്തി പരിഹാരമുണ്ടാക്കാൻ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോട്ടയം ടെക്സ്റ്റയിൽസിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും മിൽ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെയുള്ള കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനത്തിനായി 2016 സെപ്തംബർ മാസത്തിൽ സർക്കാർ 450 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കോട്ടയം ടെക്സ്റ്റയിൽസിനോടനുബന്ധിച്ച് ടെക്സ്റ്റയിൽ ടെക്നോളജി പഠനത്തിനായി മുൻ സർക്കാർ ആരംഭിക്കാൻ തീരുമാനിച്ച് പഠനം നടത്തിയിരുന്ന ടെക്സ്റ്റയിൽ കോളേജ് എന്ന ആശയം പ്രാവർത്തികമാക്കുവാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ; ടെക്സ്റ്റയിൽ മേഖലയിൽ സാങ്കേതിക വിദഗ്ധരുടെ കുറവ് പരിഹരിക്കുവാൻ കൂടുതൽ കോഴ്സുകൾ ആരംഭിക്കുവാൻ വ്യവസായ വകുപ്പ് പദ്ധതി ആവിഷ്കരിക്കുമോ?

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയില്ല.

സെക്ഷൻ ഓഫീസർ